**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 735** **14-10-2026-ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിന്റെ വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീമതി ഉമ തോമസ്

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

ശ്രീ. എം. എം. നസീർ

**മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി ഉന്നതികളിൽ കുടിവെള്ളം, റോഡ്, വൈദ്യുതി, ശുചിമുറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

**മറുപടി:** പട്ടികജാതി ഉപപദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന മാനവ വിഭവശേഷി വികസനം, അടിസ്ഥാന സൗകര്യ വികസനങ്ങൾ, സാമ്പത്തികവികസനം പോലുള്ള പദ്ധതികളിലുള്ള നിർണ്ണായക വിടവ് നികത്തുന്നതിനായുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി ഉന്നതികളിൽ കുടിവെള്ളം, റോഡ്, വൈദ്യുതി, ശുചിമുറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികജാതി ഫണ്ടുപയോഗിച്ചും മേൽ പദ്ധതികൾ നിർവഹണം നടത്തി വരുന്നുണ്ട്. കൂടാതെ അംബേദ്കർ ഗ്രാമംപദ്ധതി, പഞ്ചമി ഗ്രാമം, തുടങ്ങിയ പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നു.

**(ബി)** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകൾ സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**മറുപടി:** പട്ടികജാതി വിഭാഗത്തിലെ വിദ്യാർഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകൾ സമയ ബന്ധിതമായി വിതരണം ചെയ്തു വരുന്നു. പ്രീമെട്രിക് സ്കോളർഷിപ്പുകൾക്കായി ഇ-ഗ്രാന്റ്സ് പോർട്ടൽ 2026 ജൂൺ 1 മുതൽ ജൂലൈ 31 വരെ ഓപ്പൺ ചെയ്യുകയും സ്കോളർഷിപ്പ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ അപേക്ഷിക്കുവാൻ കഴിയാതിരുന്ന വിദ്യാർഥികൾക്കായി നിലവിൽ 2026 നവംബർ 30 വരെ വീണ്ടും സൈറ്റ് ഓപ്പൺ ചെയ്തിട്ടുണ്ട്. സൈറ്റ് മുഖേന ലഭിക്കുന്ന അപേക്ഷകളിൽ കാലകാമസം കൂടാതെ തുക വിതരണം നടത്തുന്നതിനായി ആവശ്യമായ അലോട്ട്മെന്റ് എല്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്.

**(സി)** പട്ടികജാതി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ആവിഷ്കരിക്കുന്ന നൈപുണ്യ വികസന പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** പട്ടികജാതി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ആവിഷ്കരിക്കുന്ന നൈപുണ്യ വികസന പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. സംഘടിത മേഖലയിൽ തൊഴിൽ ലഭിക്കുന്നതിന് വേണ്ടി വിവിധ വികസന വകുപ്പുകളുടെയും അവയുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹായത്തോടെ സംരംഭകത്വ വികസന പരിശീലനവും എൻ.എസ്.ക്യൂ.എഫ്, എൻ.എസ്.ഡി.സി സെക്ടറൽ സ്കിൽ കൗൺസിൽ എന്നിവയുടെ അംഗീകാരമുള്ള മെച്ചപ്പെട്ട അംഗീകൃത പരിശീലന കേന്ദ്രങ്ങൾ/സ്ഥാപനങ്ങൾ വഴി നൈപുണ്യ വികസന പദ്ധതികളും, കേന്ദ്രാവിഷ്കൃത പദ്ധതിയായPM-AJAY പദ്ധതി പ്രകാരവും വിവിധ തൊഴിൽ മേഖലകളിൽ പട്ടികജാതി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി പരിശീലനവും നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**